പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം : 5756

05.07.2013-ൽ മറുപടി നൽകേണ്ടത്

# ഹാരിസൺ ഭൂമിതട്ടിപ്പിനെ സംബന്ധിച്ച് സമഗ്ര അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. ഗുരുദാസൻ<br>ശ്രീ.എം. ഹംസ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഹാരിസൺ മലയാളം പ്ളാന്റേഷൻസിന്റെ കൈവശമുള്ള ഭൂമി സംബന്ധിച്ച റവന്യൂവകുപ്പിന്റെ ആധികാരിക രേഖകൾ വ്യാജമാകാൻ ഇടയായ സാഹചര്യം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ; | (എ)ഹാരിസൺ മലയാളം കമ്പനിക്കെതിരെ സർക്കാർ ഫയൽ ചെയ്ത ഒ.പി.(സി) 3508/11 ാം നമ്പർ കേസിനോടനുബന്ധിച്ച് വിവിധ രേഖകളുടെ പരിശോധനയിൽ ടി കമ്പനി വ്യാജരേഖകളുടെ അടിസ്ഥാനത്തിൽ വ്യാപകമായി സർക്കാർ ഭൂമി കൈവശം വയ്ക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോട്ടയം എന്നീ ജില്ലകളിൽ കമ്പനി കൈവശം വയ്ക്കുന്നതും കൈമാറ്റം ചെയ്തിട്ടുള്ളതുമായ ഭൂമി സംബന്ധിച്ച് കൊല്ലം സബ് രജിസ്ട്രാർ ഓഫീസിലെ ആധാരവും, രേഖകളും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ മുഖാന്തിരം അന്വേഷിക്കുന്നുണ്ട്. |
| (ബി) പത്തനാപുരത്ത് ഹാരിസൺ കമ്പനിക്ക് വ്യാജമായ സർവ്വേ നമ്പരുകൾ ഉണ്ടാകാനിടയായത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; എന്താണ് കണ്ടെത്തലുകൾ; | (ബി) പ്രസ്തുത വിഷയത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖാന്തിരം അന്വേഷണം നടന്നുവരുന്നുണ്ട്. |
| (സി) സംസ്ഥാനത്ത് ഹാരിസൺ കമ്പനിയുമായി ബന്ധപ്പെട്ട ഭൂമി തിരിമറിയും വ്യാജരേഖ ചമയ്ക്കലും സംബന്ധിച്ച് സമഗ്ര അന്വേഷണത്തിന് തയ്യാറാകുമോ? | (സി)ഹാരിസൺ മലയാളം കമ്പനിക്കെതിരെ സർക്കാർ ഫയൽ ചെയ്ത ഒ. പി. (സി) 3508/11 ാം നമ്പർ കേസിന്റെ വിധിവരുന്ന മുറക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ